## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2482 — 09-12-2014-ൽ മറുപടിക്ക്

### ബ്രഹ്മോസിന് കൈമാറിയ ടെൽക്കിന്റെ ആസ്തി സംബന്ധിച്ച ധാരണ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ<br>ശ്രീ. എസ്.ശർമ്മ<br>ശ്രീ. സി.രവീന്ദ്രനാഥ്<br>ശ്രീ. കെ.സുരേഷ് കുറുപ്പ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ ടെൽക്കിന്റെ ആസ്തിയും മറ്റും ബ്രഹ്മോസിന് കൈമാറുമ്പോൾ ഉണ്ടാക്കിയ ധാരണയനുസരിച്ച് പ്രവർത്തിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ കെൽടെക്കിന്റെ ആസ്തിയാണ് ബ്രഹ്മോസിന് കൈമാറിയത്. ഇതുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയ ധാരണയനുസരിച്ച് പ്രവർത്തിക്കുന്നില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ടെൽക്ക് ഏറ്റെടുക്കുന്ന സമയത്തെ വാഗ്ദാനം എന്തൊക്കെയായിരുന്നു എന്നും കൈമാറ്റ സമയത്തെ വാഗ്ദാനം നടപ്പിലാക്കാത്തതിന്റെ കാരണം എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ; | (ബി) കെൽടെക് ബ്രഹ്മോസ് ഏറ്റെടുക്കുന്ന സമയത്തുണ്ടാക്കിയ കരാറിലെ പ്രധാനപ്പെട്ട ധാരണകൾ ചുവടെ ചേർക്കുന്നു<br><br>(1) കെൽടെക്കിന്റെ ആസ്തിബാധ്യതകളും ജീവനക്കാരെയും ഒരു രൂപ വില നൽകി ബ്രഹ്മോസ് എയ്റോസ്പേസ് പ്രൈവറ്റ് ലിമിറ്റഡ് ഏറ്റെടുക്കുന്നതായിരിക്കും<br><br>(2) കെൽടെക്കിന്റെ ജീവനക്കാരുടെ സേവനങ്ങൾ സംരക്ഷിക്കേണ്ടതാണ്.<br><br>(3) കെൽടെക്കിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് വിവിധ തലങ്ങളിൽ നിന്ന് ലഭിക്കേണ്ടുന്ന നിയമപരവും അല്ലാത്തതുമായ അനുമതികൾ നേടിയെടുക്കാൻ ബ്രഹ്മോസിന് ആവശ്യമായ എല്ലാ സഹായവും സംസ്ഥാന സർക്കാർ നൽകും. |

(4) ബ്രഹ്മോസിന്റെ തുടർ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന അധികസ്ഥലം ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ സാധ്യമായ എല്ലാ സഹായവും നൽകും.

(5) ഏതെങ്കിലും സാഹചര്യത്തിൽ ഭാരത സർക്കാർ ഈ കമ്പനിയിൽ നിന്ന് പിൻമാറുകയോ ഭാരത സർക്കാരിന്റെ കീഴിലുള്ളതല്ലാത്ത മറ്റേതെങ്കിലും സ്ഥാപനത്തിന് ഓഹരികളുടെ ഭൂരിഭാഗം കൈമാറ്റം ചെയ്യാനുദ്ദേശിക്കുന്ന പക്ഷം ഇക്കാര്യത്തിൽ ആദ്യ പരിഗണന സംസ്ഥാന സർക്കാരിന് നൽകേണ്ടതാണ്.

(6) 100% ബ്രഹ്മോസ് എയ്റോസ്പേസ് പ്രൈവറ്റ് ലിമിറ്റഡിന്റെ കീഴിൽ പ്രവർത്തിക്കുന്നതും, റിട്ടയർ ചെയ്തതോ സർവ്വീസിലുള്ളതോ ആയ സാങ്കേതിക വിദഗ്ധൻ / ശാസ്ത്രജ്ഞൻ / മാനേജ്മെന്റ് വിദഗ്ധൻ എന്നീ ഗണത്തിൽപ്പെട്ട സർക്കാരിന്റെ ഒരു പ്രതിനിധി അടങ്ങുന്നതായിരിക്കും പുനസംഘടിപ്പിക്കപ്പെടുന്ന കമ്പനിയുടെ ഡയറക്ടർ ബോർഡ്.

(7) കെൽടെക്കിനെ ബ്രഹ്മോസ് ഏറ്റെടുക്കുന്ന വിവരം ഉചിതമായ രീതിയിൽ ബന്ധപ്പെട്ടവരെ ഔദ്യോഗികമായി അറിയിക്കേണ്ട ബാധ്യത സംസ്ഥാന സർക്കാരിനാണ്. കൈമാറ്റ കരാർ നിലവിൽ വന്ന തീയതി മുതൽ കെൽടെക്ക് ഒരു സംസ്ഥാന പൊതുമേഖലാ സ്ഥാപനമല്ലാതായിത്തീരുന്നതാണ്.

(8) ഈ ഉടമ്പടി റദ്ദാക്കാനോ പിൻവലിക്കാനോ കഴിയാത്തതായിരിക്കും.

(9) കെൽടെക്കിനെ ബ്രഹ്മോസ് ഏറ്റെടുത്തതിനുശേഷം ഭാവിയിൽ അവിചാരിതമായ പ്രശ്നങ്ങൾ എന്തെങ്കിലും

ഉണ്ടാകുന്നപക്ഷം, പ്രസ്തുത പ്രശ്നങ്ങൾ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും, ബ്രഹ്മോസ് എയ്റോസ്പേസ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും സംയുക്തമായി പരിശോധിച്ച് ആവശ്യമായ പരിഹാരം കണ്ടെത്തേണ്ടതാണ്.

മേൽ വിവരിച്ച ധാരണകളെല്ലാം പാലിക്കപ്പെടുന്നുണ്ട്.

| | | | |
|---|---|---|---|
| (സി) | ബ്രഹ്മോസിന് ആവശ്യമായ പ്രവൃത്തികൾ ലഭിക്കുന്നതിനുള്ള പ്രതിബന്ധങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>നിലവിൽ ബ്രഹ്മോസിന് 175 കോടിയോളം രൂപയുടെ പൂർത്തീകരിക്കേണ്ട ഓർഡറുകൾ ഉണ്ട്. |
| (ഡി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനും വാഗ്ദാനം അനുസരിച്ച് ബ്രഹ്മോസ് പ്രവർത്തിപ്പിക്കുന്നതിനും എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ